പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3980 — 26.06.2013-ൽ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ പനി ബാധിച്ചവരുടെ എണ്ണം

ചോദ്യം	മറുപടി
ശ്രീ. എ. പ്രദീപ് കുമാർ	ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും [illegible])
(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ [illegible] എത്ര പേർക്ക് പനിബാധിച്ചുവെന്ന് വ്യക്തമാക്കുമോ;	(എ) കോഴിക്കോട് ജില്ലയിൽ [illegible] 11882 [illegible] 14332 ആളുകളും വിവിധ ആശുപത്രികളിൽ പനി ബാധിച്ച് ചികിത്സ തേടിയിട്ടുണ്ട്.
(ബി) ഏതെല്ലാം [illegible] പനിയാണ് ബാധിച്ചതെന്നും ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ?	(ബി) [illegible] ജില്ലാ പഞ്ചായത്ത് തലങ്ങളിൽ, ബ്ലോക്ക് തലങ്ങളിൽ ഇന്റർ സെക്ടറൽ യോഗം കൂടി പ്രവർത്തിക്കുന്നു. ഇതിനായി പ്രൈമറി ഹെൽത്ത് സെന്റർ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തുന്നു. കൊതുകുജന്യ രോഗം നിയന്ത്രിക്കുന്നതിന 50 വീടുകൾക്ക് ഒരു സ്ക്വാഡ് എന്ന തലത്തിൽ രൂപീകരിച്ച് ഉറവിട നശീകരണവും സ്പ്രേയിംഗ്, ഫോഗിംഗ്, ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. ജലജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, ക്ലോറിനേഷൻ, കുടിവെള്ള പരിശോധന എന്നിവയും നോട്ടീസ് ബാനർ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. എലിപ്പനി പ്രതിരോധിക്കുന്നതിന രോഗം വരാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടെത്തി പ്രതിരോധ ചികിത്സ ലഭ്യമാക്കുകയും [illegible] സാഹചര്യങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ആരോഗ്യ ബോധവൽക്കരണ പരിപാടി നടത്തുന്നു. ജില്ലയിലെ എല്ലാ ആശുപത്രികളിലും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. RRT രൂപീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ സായാഹ്ന ഒ.പി.യും ലഭ്യമാക്കുന്നു. എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി, മഞ്ഞപ്പിത്തം, എച്ച്1 എൻ1 പനി, ചിക്കൻഗുനിയ, രോഗനിർണ്ണയം ചെയ്യാത്ത പനി [illegible] പ്രശ്നങ്ങളും ബാധിച്ചിട്ടുണ്ട്.